എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 3, ലക്കം 08 | 2022 ആഗസ്റ്റ് 05




# ഉജ്ജ്വല ഭാരതം ഉജ്ജ്വല ഭാവി

## ആഘോഷവാരം സമാപിച്ചു

സ്വാതന്ത്ര്യത്തിന്റെ 70 ആം വാർഷികത്തിൽ നടത്തുന്ന 'ആസാധി കാ അമൃത് മഹോത്സവ് എന്ന വിശേഷ പരിപാടിയിൽപ്പെടുത്തി "ഉജ്ജ്വല ഭാരതം, ഉജ്ജ്വല ഭാവി, പവർ @ 2047" എന്ന ആഘോഷവാരം ജൂലൈ 25–30 വരെ രാജ്യത്തെ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു.

ഇതിൽ കേരളത്തിലെ 5 ജില്ലകളിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചത്.

പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് കേന്ദ്രീയ വിദ്യാലയത്തിൽ വച്ചുനടന്ന പരിപാടി മലമ്പുഴ നിയോജകമണ്ഡലം എം.എൽ.എ ശ്രീ. എ പ്രഭാകരന്റെ അദ്ധ്യക്ഷതയിൽ വൈദ്യുതിവകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. യോഗത്തിന് പാലക്കാട് ജില്ലാ കളക്ടർ ശ്രീമതി. മൃണ്മയി ജോഷി IAS സ്വാഗതമാശംസിച്ചു. ഇ.എം.സി. എനർജി ടെക്നോളജിസ്റ്റ് ശ്രീ. ഇജാസ് എം.എ. വിഷയാവതരണം നടത്തി. പുതുശ്ശേരി ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ശ്രീമതി. ശാരദ എ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ശ്രീ. സുജിത്ത് പി, ഒന്നാം വാർഡ് മെമ്പർ ശ്രീ. പാലാഴി ഉദയകുമാർ എന്നിവർ യോഗത്തിന് ആശംസകൾ അർപ്പിച്ചു. കെ.എസ്സ്.ഇ.ബി എൽ പാലക്കാട് ഇലട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ശ്രീ. ബൈജു. കെ.കെ. യോഗത്തിന് നന്ദിയും പറഞ്ഞു.

കഴിഞ്ഞ ഏതാനം വർഷങ്ങളിലായി ഊർജ്ജ മന്ത്രാലയത്തിന് കീഴിൽ വിവിധ ശാക്തീകരണ പരിപാടികളാണ് രാജ്യത്ത് നടപ്പിലാക്കി വരുന്നത്. പാരമ്പര്യേതര ഊർജ്ജ ഉത്പാദനവും, ഹരിത മാർഗ്ഗം വഴിയുള്ള ഊർജ്ജ ഉത്പാദനവും ഏറ്റവും മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ നമ്മുടെ രാജ്യത്തിന് ഇന്ന് സാധിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ജനങ്ങളിലേക്കെത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് "ഉജ്ജ്വല ഭാരതം, ഉജ്ജ്വല ഭാവി, പവർ @ 2047" എന്ന ആഘോഷവാരം സംഘടിപ്പിച്ചത്.

(കൂടുതൽ വാർത്തകളും ചിത്രങ്ങളും പേജ് 2 മുതൽ)

# ക്ലീൻ ടെക് ചലഞ്ച്

## എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു

ഗവേഷകർക്കും സ്റ്റാർട്ടപ്പുകൾക്കും ഹരിതോർജ്ജ രംഗത്തെ അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുവാൻ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുവാനുദ്ദേശിച്ച് സംഘടിപ്പിച്ച ക്ലീൻ ടെക്ക് ചലഞ്ചിനെ പ്പറ്റിയുള്ള വിവരങ്ങൾ വിദ്യാർത്ഥികളിൽ എത്തിക്കാൻ വാഹന പ്രചരണ പരിപാടി സംഘടിപ്പിച്ചു.

പരിപാടിയുടെ ഫ്ലാഗ് ഓഫ് ബാർട്ടൺ ഹിൽ ഗവ. കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് ഇ.എം.സി ജോയിന്റ് ഡയറക്ടർ ശ്രീ. ദിനേശ്കുമാർ എ. എൻ. നിർവഹിച്ചു. കെ.ടി.യു എൻ. എസ്സ്.എസ്സ്. ടെക്നിക്കൽ സെല്ലിന്റെ നേതൃത്തത്തിലാണ് ഈ വാഹന പ്രചരണ പരിപാടി സംഘടിപ്പിച്ചത്.

കേരളത്തിൽ 6 ഇടങ്ങളിൽ നിന്നാരംഭിച്ച വാഹന പ്രചരണ ജാഥ കേരളത്തിലെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും സന്ദർശിച്ച് വിദ്യാർത്ഥികളുമായി സംവദിച്ചു.



# ’ഉജ്ജ്വല ഭാരതം, ഉജ്ജ്വല ഭാവി, പവർ @2047’ ജില്ലകളിലൂടെ




**തി**രുവനന്തപുരം ജില്ലയിൽ എനർജി മാനേജ്മന്റ് സെന്റർ ഓഫീസ് ആഡിറ്റോറിയത്തിൽ വച്ച് 25/07/2022 ന് നടന്ന പരിപാടി എനർജി മാനേജ്മെന്റ്റ് സെന്റർ ഡയറക്ടർ ഡോ. ആർ ഹരികുമാറിന്റെ അദ്ധ്യക്ഷതയിൽ കഴക്കൂട്ടം നിയോജക മണ്ഡലം എം.എൽ.എ ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം നിർവ്വഹിച്ചു.




**തി**രുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷൻ കോൺഫറൻസ് ഹാളിൽ വെച്ച് 29/07/2022 ന് നടന്ന പരിപാടി തിരുവനന്തപുരം ഡിസ്ട്രിക്റ്റ് ഡെവെലപ്മെന്റ്റ് കമ്മീഷണർ Dr. വിനയ് ഗോയൽ IAS ന്റെ അധ്യക്ഷതയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ Dr. നവജോത് ഖോസ ഉദ്ഘാടനം ചെയ്തു.



**പാ**ലക്കാട് ജില്ലയിലെ അഗളിയിൽ വച്ചുനടന്ന പരിപാടി പാലക്കാട് ജില്ലാ കളക്ടർ ശ്രീമതി. മൃണ്മയി ജോഷി IAS ന്റെ അദ്ധ്യക്ഷതയിൽ മണ്ണാർക്കാട് നിയോജകമണ്ഡലം എം.എൽ.എ അഡ്വ. എൻ ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്തു.



**കോ**ഴിക്കോട് ജില്ലയിലെ വടകര മണിയൂരിൽ വച്ച് 25/07/2022 ന് നടന്ന പരിപാടി മണിയൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അഷറഫ് ടി കെ യുടെ അദ്ധ്യക്ഷതയിൽ കുറ്റ്യാടി നിയോജകമണ്ഡലം എം.എൽ.എ ശ്രീ. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ഉദ്ഘാടനം ചെയ്തു.



**കോ**ഴിക്കോട് വച്ച് 26/07/2022 ന് നടന്ന പരിപാടി കോഴിക്കോട് നോർത്ത് നിയോജകമണ്ഡലം എം.എൽ.എ ശ്രീ. തോട്ടത്തിൽ രവീന്ദ്രന്റെ അദ്ധ്യക്ഷതയിൽ വനം വന്യജീവി വകുപ്പ് മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു.



**എ**റണാകുളം ജില്ലയിൽ അങ്കമാലി ഫിസാറ്റിൽ വച്ച് 26/07/2022 ന് നടന്ന പരിപാടി അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. മേരി ദേവസ്യക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഉല്ലാസ് തോമസ്സ് ഉദ്ഘാടനം ചെയ്തു.




**എ**റണാകുളം മുനിസിപ്പൽ ടൗൺഹാളിൽ വെച്ച് 27/07/2022 നടന്ന പരിപാടി എറണാകുളം നിയോജകമണ്ഡലം എം.എൽ.എ ശ്രീ. ടി. ജെ. വിനോദിന്റെ അദ്ധ്യക്ഷതയിൽ കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം. അനിൽകുമാർ ഉദ്ഘാടനം ചെയ്തു.

**തൃ**ശ്ശൂർ ടൗൺഹാളിൽ വെച്ച് 27/07/2022 നടന്ന പരിപാടി തൃശ്ശൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് പി. കെ. ഡേവിസ് മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ തൃശ്ശൂർ നിയോജകമണ്ഡലം എം.എൽ.എ ശ്രീ. പി. ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു.






**ആ**തിരപ്പള്ളിയിൽ വെച്ച് 29/07/2022 നടന്ന പരിപാടി ആതിരപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.കെ. റിജേഷിന്റെ അദ്ധ്യക്ഷതയിൽ ചാലക്കുടി നിയോജകമണ്ഡലം എം. എൽ.എ ശ്രീ. സനീഷ് കുമാർ ജോസഫ് ഉദ്ഘാടനം ചെയ്തു.

## 'എനർജി കൺസേർവഷൻ ബിൽഡിംഗ് കോഡ് റൂൾസ്, ഇക്കോ നിവാസ് സംഹിത' എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന എനർജി എഫിഷ്യന്റ് ബിൽഡിംഗ് (ഇ.ഇ.ബി) സെല്ലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി "എനർജി കൺസേർവഷൻ ബിൽഡിംഗ് കോഡ് റൂൾസ്, ഇക്കോ നിവാസ് സംഹിത" എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ പരിപാടി ജൂലൈ 16 ന് തിരുവനന്തപുരത്ത് വച്ചും ജൂലൈ 30 ന് തൃശ്ശൂർ വച്ചും സംഘടിപ്പിച്ചു. പരിപാടികളിൽ ഇ.സി.ബി.സി മാസ്റ്റർ ട്രൈനർമാരായ ശ്രീ. ജീവൻ മോഹനും ശ്രീ. ഗൗരവ് ഷോറെയും ക്ലാസ്സുകൾ കൈകാര്യം ചെയ്തു. രണ്ട് പരിപാടികളിലുമായി ആകെ 83 പേർ പങ്കെടുത്തു .

എനർജി കൺസേർവഷൻ ബിൽഡിംഗ് കോഡ് പ്രകാരം കെട്ടിടങ്ങൾ രൂപകൽപ്പന ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിലെ തിരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്കായി തീവ്രപരിശീലന പരിപാടി സംഘടിപ്പിച്ചു.

ജൂലൈ 20,21,22 തീയതികളിൽ തിരുവനന്തപുരം സ്വരാജ് ഭവനിൽ വച്ചാണ് പരിശീലനം സംഘടിപ്പിച്ചത്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർക്ക് വേണ്ട സാങ്കേതിക സഹായങ്ങളും നിർദ്ദേശങ്ങളും ഇ.ഇ.ബി സെൽ മുഖേന തുടർന്നും നൽകുന്നതാണ്. ഭാവിയിൽ ബന്ധപ്പെട്ട വകുപ്പുകളിലെ മറ്റ് ഉദ്യോഗസ്ഥർക്കും ഇതേ രീതിയിൽ പരിശീലനം നൽകുവാൻ ഇ.എം.സി തീരുമാനിച്ചിട്ടുണ്ട്.

## ചെറുകിട ജലവൈദ്യുത പദ്ധതി; ടെന്റർ സമർപ്പിക്കുവാനുള്ള അവസാന തീയതി നീട്ടിവച്ചു



കേരളത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംരംഭകരെ ക്ഷണിച്ചുകൊണ്ടുള്ള ടെന്ററിന്റെ അവസാന തീയതി 2022 സപ്റ്റംബർ 9 ലേക്ക് നീട്ടിവച്ചു. ബിൽഡ് ഓൺ ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ (BOOT) അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിനായാണ് സംരംഭകരെ ക്ഷണിച്ചിട്ടുള്ളത്.

കൂടുതൽ വിവരങ്ങൾക്ക്: www.keralaenergy.gov.in–Tenders. ഫോൺ: 9400068321.

## എനർജി മാനേജ്മെന്റ് സെന്ററിൽ 2022 ആഗസ്റ്റ് മാസം



- **11** — ഡിമാന്റ് സൈഡ് മാനേജ്മെന്റ് - വൈദ്യുത വിതരണ കമ്പനികളിലെ ഉദ്യോഗസ്ഥർക്കായുള്ള ശിൽപ്പശാല
- **20** — ഊർജ്ജ കാര്യക്ഷമമായ ജലസേചനം - പ്ലമ്പർ മാർക്കും ടെക്നീഷ്യൻമാർക്കുമുള്ള പരിശീലനം - കോഴിക്കോട്
- **23** — ഊർജ്ജസംരക്ഷണത്തിൽ കർഷകർക്കായുള്ള ബോധവൽക്കരണ പരിപാടി - കൃഷി വിജ്ഞാന കേന്ദ്രം, തിരുവനന്തപുരം
- **17,25,26** — കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ അവാർഡ്സ് സെൻസിറ്റൈസേഷൻ പ്രോഗ്രാം. യഥാക്രമം എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ
- **27,30,31** — കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ അവാർഡ്സ് സെൻസിറ്റൈസേഷൻ പ്രോഗ്രാം. യഥാക്രമം തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ

# 'ഉജ്ജ്വല ഭാരതം, ഉജ്ജ്വല ഭാവി, പവർ @ 2047' പ്രധാനമന്ത്രി രാജ്യത്തെ അഭിസംബോധന ചെയ്തു

'ഉജ്ജ്വല ഭാരതം, ഉജ്ജ്വല ഭാവി, പവർ @ 2047' ആഘോഷവാരത്തിന്റെ സമാപന ദിവസമായ 2022 ജൂലൈ 30 ന് നടന്ന ഗ്രാന്റ് ഫിനാലെയിൽ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി വീഡിയോ കോൺഫറൻസിലൂടെ രാജ്യത്തെ അഭിസംബോധന ചെയ്തു.

കേരളത്തിൽ 5 ജില്ലകളിൽ വീഡിയോ കോൺഫറൻസ് സംവിധാനം ഒരുക്കി. ഇതിൽ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ വച്ച നടന്ന വീഡിയോ കോൺഫറൻസ് എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിലാണ് സംഘടിപ്പിച്ചത്.

വീഡിയോ കോൺഫറൻസിൽ വൈദ്യുതിവകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി പാലക്കാട് കളക്ടറേറ്റിൽ നിന്നും, ഗതാഗതവകുപ്പമന്ത്രി ശ്രീ ആന്റണി രാജു തിരുവനന്തപുരം ഇൻസ്റ്റിട്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് ഹാളിൽ നിന്നും പങ്കെടുത്തു.



തിരുവനന്തപുരം ഇനിസ്റ്റിട്യൂട്ട് ഔഫ് എഞ്ചിനീയേഴ്സ് ഹാളിൽ വച്ച നടന്ന 'ഉജ്ജ്വല ഭാരതം, ഉജ്ജ്വല ഭാവി, പവർ @ 2047' ഗ്രാന്റ് ഫിനാലെ



'ഉജ്ജ്വല ഭാരതം, ഉജ്ജ്വല ഭാവി, പവർ @ 2047' ഗ്രാന്റ് ഫിനാലെ വീഡിയോ കോൺഫറൻസിൽ വൈദ്യുതിവകുപ്പ് മന്ത്രി ശ്രീ. കെ കൃഷ്ണൻകുട്ടി പാലക്കാട് കളക്ടറേറ്റിൽ നിന്നും പങ്കെടുത്തു



കോഴിക്കോട് വൈദ്യുതഭവനം വെള്ളയിലിൽ വച്ച നടന്ന 'ഉജ്ജ്വല ഭാരതം, ഉജ്ജ്വല ഭാവി, പവർ @ 2047' ഗ്രാന്റ് ഫിനാലെ

## ആദരാഞ്ജലികൾ

(28.07.2022)



**ലതാകുമാരി JG (56)**

ഇ.എം.സി കേരള

കേരള സർക്കാർ

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Ijas M. A. (Member)
Er. Tomson Sebastian (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256